കഴക്കൂട്ടം ബ്ളോക്കിലുള്ള പുത്തൻതോപ്പ്, മംഗലപുരം തോന്നയ്ക്കൽ, അണ്ടൂർകോണം, എന്നീ നാലു പഞ്ചായത്തുകൾ തെരഞ്ഞെടുത്തു സർവ്വേ നടത്തി പ്രാഥമിക റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഒരു സീനിയർ കാർഡിയോളജിസ്റ്റിന്റെ പൂർണ്ണമായ മേൽനോട്ടത്തിലും നിർവ്വഹണത്തിലുമാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഗ്രാമീണതലത്തിലുള്ള പൊതുജനങ്ങളിൽ വരാൻ ഇടയുള്ള ഹൃദ്രോഗ സാദ്ധ്യത മുൻകൂട്ടി മനസ്സിലാക്കി ആവശ്യമായ ചികിത്സയ്ക്കു വേണ്ടി വിദഗ്ദ്ധ കേന്ദ്രങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ഇതിന്റെ മുഖ്യ ലക്ഷ്യം. ഇതിനുവേണ്ടി ഏകദേശം 7 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല.

(ഇ) ബാധകമല്ല.

13 (*12) പോളിയോ നിർമ്മാർജ്ജന പരിപാടി കുറ്റമറ്റതാക്കാൻ നടപടി

ശ്രീ. എളമരം കരീം :
ശ്രീ. എൻ.കണ്ണൻ :
ശ്രീ. എൻ.ആർ.ബാലൻ :
ശ്രീ. എം.നാരായണൻ (കുഴൽമന്ദം) :
ശ്രീമതി കെ.കെ.ശൈലജ ടീച്ചർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വീണ്ടും പോളിയോ വൈറസ് കണ്ടെത്തിയതായി ഉള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് ഏത് പ്രദേശത്താണ് പോളിയോ വൈറസ് കണ്ടെത്തിയതെന്ന് വെളിപ്പെടുത്താമോ;

(ഡി) സമീപപ്രദേശങ്ങളിലേക്ക് പോളിയോ രോഗം പടരാതിരിക്കാൻ സർക്കാർ എന്തെങ്കിലും മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(ഇ) സംസ്ഥാനത്ത് പോളിയോ വൈറസ് പ്രത്യക്ഷപ്പെടാൻ ഉണ്ടായ കാരണങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠനത്തിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ;

(എഫ്) സംസ്ഥാനത്ത് തുടർന്ന് നടത്താനിരിക്കുന്ന പോളിയോ നിർമ്മാർജ്ജന പരിപാടി കുറ്റമറ്റതാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) :

(എ,ബി,സി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിലെ ചതുമ്മൽ എന്ന സ്ഥലത്ത് പോളിയോ വൈറസ് കണ്ടെത്തിയതായി സ്ഥിതീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അന്വേഷണം നടത്തുകയും കുട്ടിക്ക് ക്രമമായി കിട്ടേണ്ടിയിരുന്ന പ്രതിരോധവാക്സിനുകൾ യഥാസമയം കിട്ടിയിരുന്നില്ലെന്ന് കണ്ടെത്തു

LIBRARY ARCHIVES Kerala Legislative Assembly

കയും ചെയ്തിട്ടുണ്ട്. പോരായ്മകൾ പരിഹരിച്ച് പഞ്ചായത്തുകളുടെയും സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ തുടർന്ന് നടത്താനി രിക്കുന്ന പോളിയോ നിർമ്മാർജ്ജന പരിപാടി കുറ്റമറ്റതാക്കാൻ നടപടി സ്വീക രിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രദേശത്തിനു ഒരു കിലോമീറ്റർ ചുറ്റളവിൽ ഉള്ള എല്ലാ അഞ്ചുവയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്കും ആരോഗ്യ പ്രവർത്തകർ പോളിയോ തുള്ളിമരുന്ന് നൽകി.

(ഇ) വിദഗ്ധ പഠനം നടത്തിവരുന്നു.

(എഫ്)പൾസ് പോളിയോ പരിപാടിയിൽ തുള്ളിമരുന്ന് കിട്ടാതെ പോയ കുട്ടികൾക്കുവേണ്ടി വീടുവീടാന്തരം സന്ദർശനം നടത്തി പ്രതിരോധമ രുന്ന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലകൾതോറും പ്രാദേശികാടിസ്ഥാനത്തിൽ പ്രത്യേക പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പാക്കുന്നു.

14 (*13) ആരോഗ്യനയം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എ.കണാരൻ :
ശ്രീ. എ.അലിഹസ്സൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം.പി.വർഗ്ഗീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ആരോഗ്യനയം സംബന്ധിച്ച് എന്തെ ങ്കിലും പ്രഖ്യാപനം അടുത്തകാലത്ത് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സർക്കാരിന്റെ ആരോഗ്യ നയരൂപീകരണത്തിന് പൊതുജനാഭി പ്രായം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്ത് എല്ലാവിധ ചികിത്സാ സമ്പ്രദായങ്ങളും ഒരി ടത്ത് ലഭ്യമാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ ലക്ഷ്യം നേടാനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കു ന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ആസന്ന നിലയിലുള്ള രോഗികളുടെ ശുശ്രൂഷ, മാനസികരോ ഗം, അടിയന്തിര വൈദ്യശുശ്രൂഷ എന്നിവയ്ക്ക് മുൻതൂക്കം നൽകാൻ എന്തെ ങ്കിലും ക്രമീകരണം ഏർപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്)ആരോഗ്യരംഗത്ത് സർക്കാർ നിക്ഷേപത്തിന്റെ പ്രയോജനം ലഭിക്കാത്ത ജനവിഭാഗങ്ങൾ, പ്രദേശങ്ങൾ എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകുന്നിന് ആരോഗ്യനയം ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) :

(എ, ബി) പ്രഖ്യാപനം പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ നിർദ്ദേശ ങ്ങൾക്കായി ഒരു കരട് രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly